# മധുരമായ കുട്ടികളേ - നിങ്ങളുടെ ഈ സമയം വളരെ അധികം വിലപ്പെട്ടതാണ്, അതിനാൽ ഇതിനെ വ്യർത്ഥമാക്കരുത്, പാത്രം നോക്കി ജ്ഞാനം ദാനം ചെയ്യൂ.

**ചോദ്യം:-** ഗുണങ്ങളുടെ ധാരണയും ഉണ്ടാകണം അതിനോടൊപ്പം പെരുമാറ്റവും ശരിയാകണം അതിനുള്ള സഹജമായ വിധി എന്താണ്?
**ഉത്തരം:-** ബാബ എന്താണോ മനസ്സിലാക്കിത്തന്നത് - അത് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ. ജ്ഞാനധനം ദാനം ചെയ്യൂ എങ്കിൽ ഗുണങ്ങളുടെ ധാരണയും ഉണ്ടാകും, പെരുമാറ്റവും നല്ലതാകും. ആരുടെ ബുദ്ധിയിലാണോ ഈ ജ്ഞാനം ഇരിക്കാത്തത്, ജ്ഞാനധനം ദാനം നൽകാത്തത് ആരാണോ അവർ വിഢ്ഢികളാണ്. അവർ സൗജന്യമായി തനിക്കുതന്നെ നഷ്ടം ഉണ്ടാക്കുകയാണ്.

**ഗീതം-** കുട്ടിക്കാലത്തെ ദിനങ്ങൾ മറന്നുപോകരുത്.........

**ഓം ശാന്തി**. മധുര മധുരമായ കുട്ടികൾ ഗീതം കേട്ടു, അർത്ഥം നല്ല രീതിയിൽ മനസ്സിലായി. നമ്മൾ ആത്മാക്കളാണ്, പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്- ഇത് മറന്നുപോകരുത്. ഈ നിമിഷം ബാബയുടെ ഓർമ്മയിൽ ഹർഷിതമായിരിക്കുന്നു, അടുത്ത നിമിഷം ഓർമ്മിക്കാൻ മറക്കുമ്പോൾ ദുഃഖിയായും മാറുന്നു. ഈ നിമിഷം ജീവിച്ചിരിക്കുന്നു, അടുത്ത നിമിഷം തന്നെ മരിക്കുകയും ചെയ്യുന്നു ഈ നിമിഷം പരിധിയില്ലാത്ത അച്ഛന്റേതാകുന്നു അടുത്ത നിമിഷം തന്നെ പരിധിയുള്ള കുടുംബത്തിലേയ്ക്കും പോകുന്നു. അതിനാൽ ബാബ പറയുന്നു ഇന്ന് പുഞ്ചിക്കുകയും നാളെ കരയുകയും ചെയ്യരുത്. ഇതാണ് ഗീതത്തിന്റെ അർത്ഥം.

നിങ്ങൾ കുട്ടികൾക്ക് അറിയാം - മനുഷ്യർ വളരെ അധികം പരിശ്രമിക്കുന്നതും പരിശ്രമിക്കുകയും ക്ഷീണിക്കുകയും ചെയ്യുന്നത് ശാന്തിയ്ക്കുവേണ്ടിയാണ്. തീർത്ഥയാത്രകൾ നടത്തുന്നു. ക്ഷീണിക്കുന്നതുകൊണ്ട് ശാന്തി ലഭിക്കും എന്നല്ല. ഈ ഒരേയൊരു സംഗമയുഗത്തിൽ മാത്രമാണ് ബാബ വന്ന് മനസ്സിലാക്കിത്തരുന്നത്. ആദ്യമാദ്യം സ്വയം തിരിച്ചറിയൂ. ആത്മാവ് ശാന്തസ്വരൂപം തന്നെയാണ്. വസിക്കുന്ന സ്ഥാനവും ശാന്തിധാമമാണ്. ഇവിടെ വരുമ്പോൾ കർമ്മം തീർച്ചയായും ചെയ്യേണ്ടതായി വരും. എപ്പോൾ തന്റെ ശാന്തിധാമത്തിലാണോ അപ്പോൾ ശാന്തമാണ്. സത്യയുഗത്തിലും ശാന്തിയുണ്ടാകും. സുഖവുമുണ്ട്, ശാന്തിയുമുണ്ട്. ശാന്തിധാമത്തെ സുഖധാമം എന്ന് പറയില്ല. എവിടെ സുഖമുണ്ടോ അതിനെ സുഖധാമമെന്നും എവിടെ ദുഃഖമുണ്ടോ അതിനെ ദുഃഖധാമമെന്നും പറയുന്നു. ഈ മുഴുവൻ കാര്യങ്ങളും നിങ്ങൾ മനസ്സിലാക്കുന്നു. ഇതെല്ലാം ഏതൊരാൾക്കും സന്മുഖത്താണ് മനസ്സിലാക്കിക്കൊടുക്കുന്നത്. പ്രദർശിനിയിക്കേ് എപ്പോൾ കടക്കുന്നുവോ അപ്പോൾ ആദ്യം ബാബയുടെ പരിചയം നൽകണം. മനസ്സിലാക്കിക്കൊടുക്കണം ആത്മാവിന്റെ അച്ഛൻ ഒന്നാണ്. അവർ തന്നെയാണ് ഗീതയുടെ ഭഗവാൻ. ബാക്കി എല്ലാവരും ആത്മാക്കളാണ്. ആത്മാവ് ശരീരം ഉപേക്ഷിക്കുകയും ധാരണ ചെയ്യുകയും ചെയ്യുന്നു. ശരീരത്തിന്റെ പേരും മാറുന്നു. ആത്മാവിന്റെ പേര് മാറുന്നില്ല. അതിനാൽ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും - പരിധിയില്ലാത്ത ബാബയിൽ നിന്നേ സുഖത്തിന്റെ സമ്പത്ത് ലഭിക്കൂ. ബാബ സുഖം നിറഞ്ഞ സൃഷ്ടി സ്ഥാപിക്കുകയാണ്. ബാബ ദുഃഖം നിറഞ്ഞ സൃഷ്ടി രചിക്കുകയില്ല. ഭാരതത്തിൽ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നില്ലേ. ചിത്രവുമുണ്ട്- പറയൂ സുഖത്തിന്റെ ഈ സമ്പത്താണ് ലഭിക്കുന്നത്. അഥവാ ഇത് പൂർണ്ണമായും നിങ്ങളുടെ കല്പനയാണ് എന്ന് പറയുകയാണെങ്കിൽ പിന്നീട് അവർക്ക് നിങ്ങൾ വിട നൽകൂ. കല്പനയെന്ന് കരുതുന്നവർ ഒന്നും മനസ്സിലാക്കില്ല. നിങ്ങളുടെ സമയം വളരെ വിലപ്പെട്ടതാണ്. ഈ മുഴുവൻ ലോകത്തിലും നിങ്ങളുടേതുപോലെ വലിപ്പെട്ട സമയമുള്ള മറ്റാരുമില്ല. വലിയ വലിയ ആളുകളുടെ സമയം വിലപ്പെട്ടതായിരിക്കും. ബാബയുടെ സമയം എത്ര വലിപ്പെട്ടതാണ്. ബാബ മനസ്സിലാക്കിത്തന്ന് എന്തിൽ നിന്നും എന്താക്കി മാറ്റുന്നു. അതിനാൽ ബാബ നിങ്ങൾ കുട്ടികളോടും പറയുകയാണ് തന്റെ വിലപ്പെട്ട സമയത്തെ പാഴാക്കരുത്. ജ്ഞാനം പാത്രം നോക്കി ദാനം ചെയ്യൂ. പാത്രമനുസരിച്ച് മനസ്സിലാക്കിക്കൊടുക്കണം - എല്ലാ കുട്ടികൾക്കും മനസ്സിലാക്കാൻ കഴിയില്ല, മനസ്സിലാക്കുന്നതിനുള്ള ബുദ്ധിയില്ല. ഏറ്റവുമാദ്യം ബാബയുടെ പരിചയം നൽകണം. ഏതുവരെ നമ്മൾ ആത്മാക്കളുടെ അച്ഛൻ ശിവബാബയാണ് എന്ന് മനസ്സിലാക്കുന്നില്ലയോ അതുവരെ മറ്റൊന്നും മനസ്സിലാക്കാൻ സാധിക്കില്ല. വളരെ സ്നേഹത്തോടെ വിനയത്തോടെ മനസ്സിലാക്കിക്കൊടുത്ത് യാത്രയാക്കണം എന്തുകൊണ്ടെന്നാൽ ആസുരീയ സമ്പ്രദായത്തിൽ വഴക്കുണ്ടാക്കാൻ സമയമെടുക്കില്ല. ഗവൺമെന്റ് വിദ്യാർത്ഥികളുടെ എത്ര

മഹിമ ചെയ്യുന്നു. അവർക്കായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നു. കോളേജ് വിദ്യാർത്ഥികളാണ് ആദ്യം കല്ലെറിയാൻ തുടങ്ങുന്നത്. ആവേശമുണ്ടാകുമല്ലോ. വൃദ്ധർക്കോ മാതാക്കൾക്കോ ഇത്ര ശക്തിയോടെ കല്ല് എറിയാൻ സാധിക്കില്ല. സാധാരണയായി വിദ്യാർത്ഥികളാണ് ബഹളം ഉണ്ടാക്കുന്നത്. അവരെയാണ് അടിയുണ്ടാക്കാനായി തയ്യാറാക്കുന്നത്. ഇപ്പോൾ ബാബ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുന്നു- നിങ്ങൾ തലതിരിഞ്ഞവരായി മാറി. സ്വയം ആത്മാവാണ് എന്നതിനുപകരം ശരീരമാണ് എന്ന് കരുതുന്നു. ഇപ്പോൾ ബാബ നിങ്ങളെ ശരിയാക്കുകയാണ്. രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ശരിയാകുന്നതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് അരകല്പം നമ്മൾ തലതിരിഞ്ഞവരായിരുന്നു. ഇപ്പോൾ ബാബ അരകല്പത്തിലേയ്ക്ക് നമ്മളെ നേരെയാക്കുന്നു. അല്ലാഹുവിന്റെ കുട്ടിയായി മാറുമ്പോൾ വിശ്വസാമ്രാജ്യമാകുന്ന സമ്പത്ത് പ്രാപ്തമാകുന്നു. മായ തലതിരിഞ്ഞവരാക്കി മാറ്റുമ്പോൾ സമ്പത്തെല്ലാം നഷ്ടമാകുന്നു പിന്നെ താഴെയ്ക്ക് ഇറങ്ങാൻ തുടങ്ങുന്നു. രാമരാജ്യത്തേയും രാവണ രാജ്യത്തേയും നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട്. നിങ്ങൾക്ക് ബാബയുടെ ഓർമ്മയിൽ ഇരിക്കണം. തീർച്ചയായും ശരീര നിർവ്വഹണാർത്ഥം കർമ്മം ചെയ്യണം എങ്കിലും ഒരുപാട് സമയം ലഭിക്കുന്നുണ്ടല്ലോ. ജിജ്ഞാസുക്കളാരുമില്ല, ഒരു ജോലിയും ഇല്ലെങ്കിൽ ബാബയുടെ ഓർമ്മയിൽ ഇരിക്കണം. അത് അല്പകാലത്തിലേയ്ക്കുള്ള സമ്പാദ്യമാണ് എന്നാൽ നിങ്ങളുടേത് സദാ കാലത്തിലേയ്ക്കുള്ള സമ്പാദ്യമാണ്, ഇതിൽ കൂടുതൽ ശ്രദ്ധ നൽകണം. മായ അടിക്കടി മറ്റു ചിന്തകളിലേയ്ക്ക് കൊണ്ടുപോകുന്നു. ഇത് ഉണ്ടാകും. മായ മറപ്പിക്കും. ഇതിനെക്കുറിച്ച് ഒരു നാടകവും കാണിക്കുന്നുണ്ട്- പ്രഭു ഇങ്ങനെ ചെയ്യുന്നു, മായ അങ്ങനെ ചെയ്യുന്നു. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു എന്നെ മാത്രം ഓർമ്മിക്കൂ, ഇതിൽ തന്നെയാണ് വിഘ്നങ്ങൾ ഉണ്ടാകുന്നത്. മറ്റൊരുകാര്യത്തിലും ഇത്രയും വിഘ്നം ഉണ്ടാകില്ല. പവിത്രതയ്ക്കായി എത്ര അടി കൊള്ളുന്നു. ഭാഗവതത്തിൽ ഈ സമയത്തെക്കുറിച്ചാണ് പാടിയിരിക്കുന്നത്. പൂതനകളും, ശൂർപ്പണകളും ഉണ്ട്, ഇതെല്ലാം ബാബ വന്ന് പവിത്രമാക്കി മാറ്റുന്ന ഈ സമയത്തിലെ കാര്യങ്ങളാണ്. എന്തെല്ലാം ഉത്സവങ്ങൾ ആഘോഷിക്കുന്നുണ്ടോ അതെല്ലാം കഴിഞ്ഞുപോയതാണ്, അതാണ് ആഘോഷിക്കുന്നത്. കഴിഞ്ഞുപോയതിന്റെ മഹിമ പാടുന്നു. രാമരാജ്യത്തിന്റെ മഹിമ പാടുന്നു എന്തുകൊണ്ടെന്നാൽ അത് കഴിഞ്ഞുപോയതാണ്. എങ്ങനെയാണോ ക്രിസ്തു മുതലായവർ വന്നത്, അവർ ധർമ്മം സ്ഥാപിച്ചുപോയി. നാളും ദിവസവും എല്ലാം എഴുതിവെയ്ക്കുന്നു പിന്നീട് അവരുടെ പിറന്നാൾ ആഘോഷിക്കുന്നു. ഭക്തിമാർഗ്ഗത്തിലും ഈ കാര്യം അരകല്പം നടക്കുന്നു. സത്യയുഗത്തിൽ ഇതുണ്ടാകില്ല. ഈ ലോകം തന്നെ അവസാനിക്കാനുള്ളതാണ്. ഈ കാര്യങ്ങൾ നിങ്ങളിലും വളരെ കുറച്ചുപേരേ മനസ്സിലാക്കുന്നുള്ളൂ. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് മുഴുവൻ ആത്മാക്കൾക്കും അന്തിമത്തിൽ തിരിച്ചുപോകണം. എല്ലാ ആത്മാക്കളും ശരീരം ഉപേക്ഷിച്ച് പോകും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്- ഇനി കുറച്ച് ദിവസങ്ങളേ ബാക്കിയുള്ളു. ഇപ്പോൾ വീണ്ടും ഇതെല്ലാം വിനാശമാകും. സത്യയുഗത്തിൽ നമ്മൾ മാത്രമേ വരൂ. എല്ലാ ആത്മാക്കളും വരില്ല. ആരാണോ കല്പം മുമ്പ് വന്നത് അവർ തന്നെയാണ് നമ്പർവൈസ് ആയി വരുന്നത്. അവർ തന്നെയാണ് നല്ലരീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവർ തന്നെയാണ് നമ്പർ അനുസരിച്ച് ട്രാൻസ്ഫർ ആകുന്നത്. നിങ്ങളും ട്രാൻസ്ഫർ ആവുകയാണ്. നിങ്ങളുടെ ബുദ്ധിയ്ക്ക് അറിയാം ഏതെല്ലാം ആത്മാക്കളുണ്ടോ അവർ എല്ലാവരും നമ്പർവൈസ് ആയി ശാന്തിധാമത്തിൽ ചെന്നിരിക്കും അതിനുശേഷം നമ്പർവൈസ് ആയി തിരിച്ചുവന്നുകൊണ്ടിരിക്കും. ബാബ വീണ്ടും പറയുന്നു പ്രധാനകാര്യം ബാബയുടെ പരിചയം നൽകുന്നതാണ്. ബാബയുടെ പേര് സദാ നാവിലുണ്ടായിരിക്കണം. ആത്മാവ് എന്താണ്, പരമാത്മാവ് എന്താണ്? ലോകത്തിലെ ആർക്കും അറിയില്ല. ഭൃകുടി മദ്ധ്യത്തിൽ തിളങ്ങുന്ന അത്ഭുത നക്ഷത്രം... എന്ന് പാടുന്നുണ്ട് എന്നാൽ മറ്റൊന്നും അറിയില്ല. മാത്രമല്ല ഈ ജ്ഞാനം വളരെ കുറച്ചുപേരുടെ ബുദ്ധിയിലേയുള്ളു. അടിക്കടിക്ക് മറന്നും പോകുന്നു. ആദ്യമാദ്യം മനസ്സിലാക്കിക്കൊടുക്കണം ബാബയാണ് പതിത പാവനൻ. സമ്പത്തും നൽകുന്നു, ചക്രവർത്തിയാക്കി മാറ്റുന്നു. നിങ്ങളുടെ പക്കൽ ഗീതവുമുണ്ട്- അവസാനം ആ ദിനം ഇന്ന് വന്നു... ഭക്തിമാർഗ്ഗത്തിൽ ഈ വഴിയിൽ ഒരുപാട് ക്ഷീണിച്ചിരുന്നു. ദ്വാപരം മുതൽ ഭക്തി ആരംഭിക്കുന്നു പിന്നീട് അന്തിമത്തിൽ ബാബ വന്ന് വഴി പറഞ്ഞുതരുന്നു. കണക്കെടുപ്പിന്റെ സമയം എന്നും ഇതിനെയാണ് പറയുന്നത്. ആസുരീയ ബന്ധനത്തിന്റെ മുഴുവൻ കണക്കുകളും ഇല്ലാതാക്കി തിരിച്ചുപോകുന്നു. 84 ജന്മങ്ങളുടെ പാർട്ടിനെ നിങ്ങൾ അറിയുന്നു. ഈ പാർട്ട് നടന്നുകൊണ്ടുതന്നെയിരിക്കും. ശിവജയന്തി ആഘോഷിക്കുന്നു അപ്പോൾ തീർച്ചയായും ശിവൻ വന്നിട്ടുണ്ടാകും. തീർച്ചയായും എന്തെങ്കിലും ചെയ്തിട്ടുണ്ടാകും. അവർ തന്നെയാണ് പുതിയ ലോകം നിർമ്മിക്കുന്നത്. ഈ ലക്ഷ്മീ നാരായണന്മാർ അധികാരികളായിരുന്നു, എന്നാൽ ഇപ്പോൾ അല്ല. വീണ്ടും ബാബ രാജയോഗം പഠിപ്പിക്കുന്നു. ഈ രാജയോഗം പഠിപ്പിച്ചിരുന്നു. നിങ്ങളുടെ വായിലൂടെയല്ലാതെ മറ്റാരിലൂടെയും ഇത് വരില്ല. നിങ്ങൾക്കേ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കൂ. ശിവബാബ നമുക്ക്

രാജയോഗം പഠിപ്പിച്ചുതരികയാണ്. ശിവോഹം എന്ന് ഉച്ചരിക്കുന്നത് തെറ്റാണ്. നിങ്ങൾക്ക് ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– നിങ്ങൾ തന്നെയാണ് ചക്രം കറങ്ങി ബ്രാഹ്മണ കുലത്തിൽ നിന്നും ദേവതാകുലത്തിലേയ്ക്ക് വരുന്നത്. ഹം സോ, സോ ഹം എന്നതിന്റെ അർത്ഥവും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഇപ്പോൾ നമ്മൾ ബ്രാഹ്മണരാണ്, ഇത് 84 ജന്മങ്ങളുടെ ചക്രമാണ്. ഇത് മന്ത്രം ജപിക്കാനുള്ളതല്ല. ബുദ്ധിയിൽ ഇതിന്റെ അർത്ഥം ഉണ്ടായിരിക്കണം. അതും സെക്കന്റിന്റെ കാര്യമാണ്. എങ്ങനെയാണ് ബീജവും മുഴുവൻ വൃക്ഷവും സെക്കന്റിൽ ശ്രദ്ധയിൽ വരുന്നത്. അതുപോലെ ഹം സോ എന്നതിന്റെ രഹസ്യവും ബുദ്ധിയിൽ വരണം. നമ്മൾ ഇങ്ങനെയുള്ള ചക്രമാണ് കറക്കുന്നത് അതിനെ സ്വദർശന ചക്രം എന്നു പറയാറുണ്ട്. നിങ്ങൾ ആരോടെങ്കിലും ഞങ്ങൾ സ്വദർശന ചക്രധാരിയാണ് എന്ന് പറഞ്ഞാൽ അവർ അംഗീകരിക്കില്ല. പറയും ഇപ്പോൾ എല്ലാവരും തനിക്കുതന്നെ ടൈറ്റിൽ നൽകുകയാണ്. പിന്നീട് നിങ്ങൾ മനസ്സിലാക്കിക്കൊടുക്കും നമ്മൾ എങ്ങനെയാണ് 84 ജന്മങ്ങൾ എടുത്തത്. ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കും. ആത്മാവിന് തന്റെ 84 ജന്മങ്ങളുടെ ദർശനമുണ്ടാകുന്നു, ഇതിനെത്തന്നെയാണ് സ്വദർശനചക്രധാരി എന്നു പറയുന്നത്. ആദ്യം കേട്ട് അതിശയിക്കും. ഇത് എന്ത് പൊങ്ങച്ചമാണ് പറയുന്നത്. എപ്പോൾ നിങ്ങൾ ബാബയുടെ പരിചയം നൽകുന്നുവോ അപ്പോൾ പൊങ്ങച്ചമാണെന്ന് തോന്നില്ല. ബാബയെ ഓർമ്മിക്കാറുണ്ട്. അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ സമർപ്പണമാകും, അങ്ങയെ മാത്രം ഓർമ്മിക്കും എന്ന് പാട്ടും പാടുന്നു. ബാബ ചോദിക്കുന്നു നിങ്ങൾ പറഞ്ഞിരുന്നില്ലേ – ഇപ്പോൾ വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. നഷ്ടോമോഹയായി മാറൂ. ഈ ദേഹത്തിൽ നിന്നും നഷ്ടോമോഹയായി മാറൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ഈ മധുരമായ കാര്യം എല്ലാവർക്കും ഇഷ്ടമാകും. ബാബയുടെ പരിചയത്തിൽ നിശ്ചയം വന്നിട്ടില്ലെങ്കിൽ ഏതെങ്കിലും കാര്യത്തിൽ സംശയം വന്നുകൊണ്ടിരിക്കും അതിനാൽ ആദ്യം 2–3 ചിത്രങ്ങൾ മുന്നിൽ വെയ്ക്കൂ, അതിൽ ബാബയുടെ പരിചയം ഉണ്ടായിരിക്കണം. ബാബയുടെ പരിചയം ലഭിക്കുന്നതിലൂടെ സമ്പത്തിനെക്കുറിച്ച് അറിയും.

ബാബ പറയുന്നു– ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കുന്നു. ഈ ചിത്രം ഉണ്ടാക്കൂ. ഡബിൾകിരീടധാരികളായ ദേവതകൾക്കുമുന്നിൽ ഒരുകിരീടം ധരിച്ചവർ തല കുമ്പിടുന്നു. ഞാൻ തന്നെയാണ് പൂജ്യൻ, ഞാൻ തന്നെ പൂജാരിയായി മാറുന്നു എന്ന രഹസ്യവും മനസ്സിലാകണം. ആദ്യം ബാബയുടെ പൂജ ചെയ്യുന്നു പിന്നീട് തന്റെ തന്നെ ചിത്രത്തിന്റെ പൂജ ചെയ്യുന്നു. ആരാണോ പാവനമായി പോയത് അവരുടെ ചിത്രം ഉണ്ടാക്കി ഇരുന്ന് പൂജിക്കുന്നു. ഈ ജ്ഞാനവും ഇപ്പോഴാണ് നിങ്ങൾക്ക് ലഭിച്ചത്. മുമ്പ് അങ്ങുതന്നെയാണ് പൂജ്യൻ അങ്ങുതന്നെ പൂജാരിയും എന്ന് ഭഗവാനെക്കുറിച്ചാണ് പാടിയിരുന്നത്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു– നിങ്ങളാണ് ഈ ചക്രത്തിൽ വരുന്നത്. ബുദ്ധിയിൽ ഈ ജ്ഞാനം സദാ ഉണ്ടായിരിക്കണം പിന്നീട് മനസ്സിലാക്കിക്കൊടുക്കുകയും വേണം. ധനം നൽകാതെ ധനം വർദ്ധിക്കില്ല...ആരാണോ ധനം ദാനം നൽകാത്തത് അവരെ വിഡ്ഢി എന്നാണ് വിളിക്കുക. ബാബ എന്താണോ മനസ്സിലാക്കിത്തന്നത് അത് പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. മനസ്സിലാക്കിക്കൊടുക്കുന്നില്ലെങ്കിലും വെറുതേ തന്റെ തന്നെ നഷ്ടം ഉണ്ടാക്കുകയാണ്. ഗുണവും ധാരണയാകില്ല. പെരുമാറ്റവും അതുപോലെത്തന്നെയിരിക്കും. ഓരോരുത്തർക്കും അവനവനെ മനസ്സിലാക്കാൻ സാധിക്കുമല്ലോ. നിങ്ങൾക്ക് ഇപ്പോൾ അറിവ് ലഭിച്ചു. ബാക്കി എല്ലാവരും അറിവില്ലാത്തവരാണ്. നിങ്ങൾക്ക് എല്ലാം അറിയാം. ബാബ പറയുന്നു ഈ വശത്ത് ദൈവീക സമ്പ്രദായമാണ്, ആ വശത്ത് ആസുരീയ സമ്പ്രദായമാണ്. ബുദ്ധികൊണ്ട് നിങ്ങൾ അറിയുന്നുണ്ട് നമ്മൾ ഇപ്പോൾ സംഗമയുഗത്തിലാണ്. ഒരേ വീട്ടിൽ ഒരാൾ സംഗമയുഗത്തിലും, ഒരാൾ കലിയുഗത്തിലും, രണ്ടുപേരും ഒരുമിച്ചാണ് കഴിയുന്നത്. പിന്നീട് നോക്കും ഹംസമാകുന്നതിനുള്ള യോഗ്യതയില്ലെങ്കിൽ യുക്തികൾ രചിക്കാൻ തുടങ്ങും. ഇല്ലെങ്കിൽ വിഘ്നങ്ങൾ ഇടും. തനിക്കുസമാനമാക്കി മാറ്റുന്നതിനുള്ള പരിശ്രമം ചെയ്യണം. ഇല്ലെങ്കിൽ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും പിന്നീട് യുക്തിപൂർവ്വം മാറ്റി നിർത്തേണ്ടതായി വരും. വിഘ്നങ്ങൾ തീർച്ചയായും വരും ഇങ്ങനെയുള്ള ജ്ഞാനം നിങ്ങൾ മാത്രമാണ് നൽകുന്നത്. വളരെ മധുര്യമുള്ളവരുമായി മാറണം. നഷ്ടോമോഹയുമായി മാറണം. ഒരു വികാരത്തെ ഉപേക്ഷിച്ചു എങ്കിൽ മറ്റു വികാരങ്ങളെല്ലാം കൂടി വന്ന് ബുദ്ധിമുട്ടിക്കുന്നു. മനസ്സിലാക്കണം എന്തെല്ലാം സംഭവിക്കുന്നുവോ കല്പം മുമ്പ് നടന്നപോലെയാണ്. ഇങ്ങനെ മനസ്സിലാക്കി ശാന്തമായിരിക്കേണ്ടിവരും. ഇത് ഡ്രാമയുടെ ഭാവിയാണെന്നാണ് മനസ്സിലാക്കേണ്ടത്. നല്ല രീതിയിൽ മനസ്സിലാക്കികൊടുക്കുന്ന കുട്ടികൾ പോലും താഴെ വീണുപോകുന്നു. വളരെ ശക്തിയോടെയാണ് മുറിവേൽക്കുന്നത്. പിന്നീട് പറയും കല്പം മുമ്പും മുറിവേറ്റിട്ടുണ്ടായിരിക്കും. ഓരോരുത്തർക്കും അവനവന്റെ ഉള്ളിൽ മനസ്സിലാക്കാൻ സാധിക്കും. എഴുതുന്നുമുണ്ട് ബാബ ഞാൻ ക്രോധത്തിലേക്ക് വന്ന്, ഇന്നയാളെ അടിച്ചു ഈ തെറ്റ് സംഭവിച്ചു. ബാബ മനസ്സിലാക്കിതരുന്നു എത്രത്തോളം സാധിക്കുന്നോ നിയന്ത്രണത്തിൽ കൊണ്ടുവരൂ.

എങ്ങനെ-എങ്ങനെയുള്ള മനുഷ്യരാണ്, അബലകളുടെ മേൽ എത്ര അത്യാചാരങ്ങളാണ് ഉണ്ടാകുന്നത്. പുരുഷൻമാർ ബലവാൻമാരായിരിക്കും, സ്ത്രീ അബലയായിരിക്കും. ബാബ വീണ്ടും നിങ്ങൾക്ക് ഈ ഗുപ്തമായ യുദ്ധം പഠിപ്പിക്കുകയാണ്, ഏതൊന്നിലൂടെയാണോ നിങ്ങൾ രാവണന്റെ മേൽ വിജയം പ്രാപ്തമാക്കുന്നത്. ഈ യുദ്ധം ആരുടെയും ബുദ്ധിയിലില്ല. നിങ്ങളിലും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. ഇതാണ് തികച്ചും പുതിയ കാര്യം. ഇപ്പോൾ നിങ്ങൾ സുഖധാമത്തിലേക്കു വേണ്ടി പഠിക്കുകയാണ്. ഇതും ഇപ്പോൾ ഓർമ്മയുണ്ട് പിന്നീട് മറന്നുപോകുന്നു. മുഖ്യമായ കാര്യം തന്നെ ഓർമ്മയുടെ യാത്രയാണ്. ഓർമ്മയിലൂടെ നമ്മൾ പാവനമായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാ-പിതായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) എന്തു സംഭവിച്ചാലും ഭാവിയാണെന്നു മനസ്സിലാക്കി ശാന്തമായിരിക്കണം. ക്രോധിക്കരുത്. എത്രത്തോളം സാധിക്കുന്നുവോ സ്വയത്തെ നിയന്ത്രിക്കണം. യുക്തി രചിച്ച് തനിക്കു സമാനമാക്കി മാറ്റാൻ പരിശ്രമിക്കണം.

2) വളരെ സ്നേഹത്തോടെയും വിനയത്തോടെയും എല്ലാവർക്കും ബാബയുടെ പരിചയം നൽകണം. എല്ലാവരെയും ഈ മധുര-മധുരമായ കാര്യം കേൾപ്പിക്കൂ, ബാബ പറയുന്നു - സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ, ഈ ദേഹത്തിൽ നിന്ന് നഷ്ടോമോഹയായി മാറൂ.

## വരദാനം: - ഓരോ ആത്മാവിനെയും അലച്ചിലിലും യാചനയിലും നിന്ന് രക്ഷിക്കുന്ന നിഷ്കാമവും ദയാ ഹൃദയരുമായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ നിഷ്കാമവും ദയാ ഹൃദയരുമായിരിക്കുന്നത് അവരുടെ ദയയുടെ സങ്കലപ്പത്തിലൂടെ മറ്റ് ആത്മാക്കൾക്കും തന്റെ ആത്മീയ സ്വരൂപവും ആത്മാവിന്റെ ലക്ഷ്യവും സെക്കന്റിൽ സ്മൃതിയിൽ വരും. അവരുടെ ദയയുടെ സങ്കല്പത്തിലൂടെ യാചകർക്കും, സർവ്വ ഖജനാവുകൾ ഒരു നോക്ക് കാണാനാകും. അലയുന്ന ആത്മാക്കൾക്ക് മുക്തിയുടെയും ജീവൻ മുക്തിയുടെയും തീരം അഥവാ ലക്ഷ്യം മുന്നിൽ ദൃശ്യമാകും. അവർ സർവ്വരുടേയും ദുഖത്തെ ഹരിച്ച് സുഖം നൽകുന്നതിന്റെ പാർട്ട് അഭിനയിക്കും, ദുഖിതരെ സുഖികൾ ആക്കുന്നതിന്റെ യുക്തിയും മാർഗ്ഗങ്ങളും സദാ അവരുടെയടുത്തു മാന്ത്രിക താക്കോൽ പോലെ ഉണ്ടാകും.

## സ്ലോഗൻ: - സേവധാരിയായി നിസ്വാർത്ഥ സേവനം ചെയ്യുകയാണെങ്കിൽ സേവനത്തിന്റെ ഫലം പ്രാപ്തമാകുക തന്നെ ചെയ്യും.

**അവ്യക്ത സൂചന- അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
അന്തിമ സമയത്ത് പ്രകൃതിയുടെ അഞ്ച് തത്വങ്ങളും നല്ലവണ്ണം ഉലയ്ക്കാൻ ശ്രമിക്കും, പക്ഷെ വിദേഹി അവസ്ഥയുടെ അഭ്യാസികളായ ആത്മാക്കൾ പൂർണ്ണമായും അചഞ്ചലവും, ദൃഢതയുള്ളവരും പാസ് വിത്ത് ഓണറും ആകും, അവർ എല്ലാ കാര്യങ്ങളിലും പാസ് ആകും, അവർ ബ്രഹ്മാബാബയ്ക്ക് സമാനം പാസ് വിത്ത് ഓണർ ആകുന്നതിന്റെ തെളിവ് നൽകും, ഇതിനായി സമയം കണ്ടെത്തി പ്രകൃതിയുടെ അഞ്ച് തത്വങ്ങളുടെ സേവനം ചെയ്ത് ശുഭ ഭാവനയുടെ സകാശ് കൊടുത്തുകൊണ്ടിരിക്കൂ.